# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3872. 27.06. 2012-ൽ മറുപടിയ്ക്ക്**

## ഭക്ഷ്യ സുരക്ഷ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. വി. റ്റി. ബൽറാം<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. വി. ഡി. സതീശൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | ഭക്ഷ്യ സുരക്ഷിതത്വ രംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് പറയുമോ; | (എ) | ഭക്ഷ്യസുരക്ഷയും നിലവാരവുമായി (Food Safety and Standards) ബന്ധപ്പെട്ട് പുതിയതായി നിലവിൽ വന്ന 2006 - ലെ കേന്ദ്ര ഭക്ഷ്യസുരക്ഷാ നിയമം സംസ്ഥാനത്ത് പൂർണ്ണമായി നടപ്പിലാക്കുന്നതാണ്. ആയതിലേക്ക് ഭക്ഷ്യ സുരക്ഷിതത്വ രംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിനായി സംസ്ഥാന ഭക്ഷ്യസുരക്ഷാ വിഭാഗം കാലോചിതമായി പുനഃസംഘടിപ്പിക്കുന്നതിനുള്ള പഠനം അവസാനഘട്ടത്തിലാണ്. കൂടാതെ നമ്മുടെ നാട്ടിൽ ലഭ്യമായിട്ടുള്ള എല്ലാ ഭക്ഷണ സാധങ്ങളും ശാസ്ത്രീയമായി പരിശോധിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള എല്ലാ ലാബുകളും അക്രഡിറ്റേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ ധ്രുതഗതിയിൽ നടന്നു വരികയാണ്.<br><br>അനലിറ്റിക്കൽ ലാബിലെ ടെക്നിക്കൽ വിഭാഗം ഉദ്യോഗസ്ഥർക്ക് വിവിധ സർവ്വകലാശാലകളിലും വിദഗ്ദ്ധലാബുകളിലും ആധുനിക പരിശീലനം കൊടുത്തുവരികയാണ്. |
| (ബി) | എങ്കിൽ ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെ ഇത് | (ബി) | കേന്ദ്ര ഭക്ഷ്യസുരക്ഷാ നിയമത്തിൽ നിഷ്കർഷിക്കും പ്രകാരം Food Safety and Standards |

| | | | |
|---|---|---|---|
| | നടപ്പാക്കുന്നതെന്ന് അറിയിക്കുമോ; | | Authority of India യ്ക്കാണ് ഈ നിയമം നടപ്പിലാക്കുന്നതിനുള്ള ചുമതല. സംസ്ഥാനങ്ങളിൽ ഈ നിയമം നടപ്പിലാക്കുന്നതിനുള്ള ചുമതല ഭക്ഷ്യസുരക്ഷാ കമ്മീഷണർമാർക്കുമാണ്. |
| (സി) | ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ? | (സി) | ഭക്ഷ്യസുരക്ഷാ നിയമത്തിൽ നിഷ്ക്കർഷിച്ചിരുന്ന പ്രകാരം സംസ്ഥാന ഫുഡ്സേഫ്റ്റി കമ്മീഷണറെ നിയമിച്ചിട്ടുണ്ട്. നിയമത്തിൽ നിഷ്കർഷിക്കുന്നപ്രകാരം സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ജില്ലാ ഫുഡ്ഇൻസ്പെക്ടർമാരെയും ഡെസിഗ്നേറ്റഡ് ഓഫീസർമാരായും ഫുഡ്ഇൻസ്പെക്ടർമാരെ ഫുഡ്സേഫ്റ്റി ആഫീസർമാരായും നോട്ടിഫൈ ചെയ്തിട്ടുണ്ട്. അവർക്ക് നിയമത്തിൽ നിഷ്ക്കർഷിക്കുന്ന പ്രകാരം പരിശീലനവും നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാരിന്റെ അനലറ്റിക്കൽ ലാബിലെ പബ്ലിക് അനലിസ്റ്റുകളെ മുഴുവൻ ഫുഡ് അനലിസ്റ്റുകളായി നോട്ടിഫൈ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ